**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **02-08-2021 - ൽ മറുപടിയ്ക്ക്**

**തുങ്ങാംപാറ എക്കോട്ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തി ഉൾപ്പെടുത്തിയിരുന്ന തുങ്ങാംപാറ എക്കോട്ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന തുങ്ങാംപാറയെയും പെരുംകുളത്തെയും ബന്ധിപ്പിക്കുന്ന ഇക്കോട്ടൂറിസം പദ്ധതിക്ക് 2019 – 20 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും അക്കൊല്ലം 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ ഈ പദ്ധതിയുടെ വിനോദ സഞ്ചാര സാധ്യത പരിശോധിച്ച് സമഗ്ര പദ്ധതി റിപ്പോർട്ടും തയാറാക്കിയിട്ടുണ്ട്. തുടർന്നു പദ്ധതി നടപ്പാക്കാനുള്ള ഭൂമി വിനോദ സഞ്ചാര വകുപ്പിനു കൈമാറി കിട്ടാനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 15.09.2020ൽ തിരുവനന്തപുരം ജില്ലാ കലക്ടർക്കു കൈമാറിയിട്ടുമുണ്ട്. |
| (ബി) | ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പ്രദേശത്തെ വിനോദ സഞ്ചാര സാധ്യത പരിശോധിച്ച് തയാറാക്കിയ സമഗ്ര ഇക്കോട്ടൂറിസം പദ്ധതി റിപ്പോർട്ട് പ്രകാരം 82 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണു കണക്കാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇല്ല. പദ്ധതി നടത്തിപ്പിനുള്ള ഭൂമി വിനോദ സഞ്ചാര വകുപ്പിനു കൈമാറി കിട്ടാനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 15.09.2020ൽ തിരുവനന്തപുരം ജില്ലാ കലക്ടർക്കു സമർപ്പിച്ചിരുന്നു. എന്നാൽ തുങ്ങാംപാറ ഇക്കോട്ടൂറിസം പദ്ധതിക്കുള്ള ഭൂമി ഇതുവരെ വിനോദ സഞ്ചാര വകുപ്പിനു കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ